ഹൈസ്കൂളുകളുടെയും വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളുടെയും സബ് ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1 ആയി ചേർക്കുന്നു.* ഹയർ സെക്കന്ററിയുടെ കണക്ക് ശേഖരിച്ചുനൽകുന്നതാണ്.

(സി) സബ് ജില്ല തിരിച്ചുള്ള വിശദ വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

(ഡി) 1. ചെങ്ങമനാട് ജി.എച്ച്.എസ്.-4 യൂണിറ്റ് ടോയ്ലെറ്റ് പണിയുന്നതിന് 2 ലക്ഷം രൂപ അഡ്വാൻസ് അനുവദിച്ചു. പണി തൃപ്തികരമല്ലാത്തതിനാലും ഇതുസംബന്ധിച്ച് പരാതി ലഭിച്ചതിനാലും ബാക്കി തുകയായ 2 ലക്ഷം രൂപ തടഞ്ഞുവച്ചിരിക്കുന്നു.

2. പെരുമ്പാവൂർ ജി.എൽ.പി.എസ്.ന് അനുവദിച്ച 5 യൂണിറ്റിനുവേണ്ടി 2.50 ലക്ഷം രൂപ അഡ്വാൻസ് നൽകി. എന്നാൽ നേരിട്ടുള്ള പരിശോധനയിൽ എൽ.എസ്.ജി.ഡി. എൻജിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ആവശ്യമാണെന്ന് കണ്ടതിനാൽ തുക താൽക്കാലികമായി തടഞ്ഞുവച്ചിരിക്കുന്നു.

ഹയർ സെക്കന്ററി /വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾക്കുള്ള തുകയൊന്നും തടഞ്ഞുവച്ചിട്ടില്ല.

(ഇ) 45 പേർക്ക് ലഭിച്ചിട്ടില്ല. ഓഡിറ്റ് തടസ്സവാദങ്ങൾ തീർപ്പാക്കി ബാധ്യത/ബാധ്യത രഹിത പത്രം ലഭിക്കുന്ന മുറയ്ക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതാണ്.

ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽനിന്നും വിരമിച്ച രണ്ട് പ്രധാന അദ്ധ്യാപകരിൽ ഒരാൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ ഇതിനോടകം നൽകി. ഓഡിറ്റ് നടപടികൾ പൂർത്തിയാക്കാത്തതിനാൽ മറ്റാളുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടില്ല.

വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിൽനിന്ന് 2014 മാർച്ചിൽ ആരും തന്നെ വിരമിച്ചിട്ടില്ല.

പയ്യോളി പഞ്ചായത്തിൽ സർക്കാർ ഹൈസ്കൂൾ

58 (7023) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മണ്ഡലത്തിൽ പയ്യോളി പഞ്ചായത്തിൽ നിലവിൽ സർക്കാർ ഹൈസ്കൂൾ ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പയ്യോളി പഞ്ചായത്തിലെ കീഴൂർ ഗവ. യു.പി. സ്കൂൾ ആർ.എം.എസ്.എ. പരിഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നുവോയെന്ന് വിശദമാക്കാമോ ;

(സി) ഈ സ്കൂൾ ഹൈസ്കൂളായി ഉയർത്തുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് ആരിൽ നിന്നെല്ലാമെന്ന് വ്യക്തമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത നിവേദനങ്ങളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ഇ) പ്രസ്തുത സ്കൂളിന്റെ അപ്ഗ്രഡേഷൻ സംബന്ധിച്ച് കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറോട് പൊതു വിദ്യാഭ്യാസ വകുപ്പ് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം കത്തിന്റെ പകർപ്പ് സഹിതം ലഭ്യമാക്കാമോ ;

(എഫ്) വിദ്യാഭ്യാസ ഉപഡയറക്ടർ ആവശ്യപ്പെട്ട റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(ജി) കീഴൂർ ഗവ. യു.പി. സ്കൂൾ ഹൈസ്കൂളായി ഉയർത്താൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2014-15 വർഷത്തിൽ എം.എച്ച്.ആർ.ഡി.ക്ക് സമർപ്പിച്ച പ്ലാനിൽ കീഴൂർ ഗവൺമെന്റ് യു.പി.സ്കൂൾ അപ്ഗ്രഡേഷനുവേണ്ടി ഉൾപ്പെടുത്തിയിരുന്നില്ല.

(സി) ഉണ്ട്. കീഴൂർ ഗവൺമെന്റ് യു.പി.സ്കൂൾ അപ്ഗ്രേഡ് ചെയ്യാൻ ആവശ്യപ്പെട്ട് കൊണ്ട് ബഹുമാന്യരായ മുൻകേന്ദ്ര സഹമന്ത്രി, ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ, സംസ്ഥാന കൃഷി വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനൻ എന്നിവർ മുഖേന സ്കൂൾ വികസന സമിതിയുടെയും കീഴൂർ ഗവൺമെന്റ് യു.പി.സ്കൂൾ ഡെവലപ്മെന്റ് കമ്മിറ്റി ചെയർമാൻ സ്വന്തം നിലയിലും കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി കാനത്തിൽ ജമീല, എന്നിവരിൽ നിന്നാണ് നിവേദനങ്ങൾ ലഭിച്ചിട്ടുള്ളത്

(ഡി) ആർ.എം.എസ്. എ. പദ്ധതിയിൽ ഒരു സ്കൂൾ അപ്ഗ്രേഡ് ചെയ്യാനായി സമർപ്പിക്കുമ്പോൾ ആ സ്കൂളിനെ ഉയർന്ന ക്ലാസ് എട്ടാം ക്ലാസ് ആണെങ്കിൽ മാത്രമേ എം.എച്ച്.ആർ.ഡി. അപ്ഗ്രഡേഷൻ അനുവദിക്കുകയുള്ളൂ. ആയതിനാൽ കീഴൂർ ഗവൺമെന്റ് സ്കൂൾ അപ്ഗ്രേഡ് ചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ട് ലഭിച്ച നിവേദനങ്ങൾ പരിഗണിച്ച് പ്രസ്തുത സ്കൂളിൽ എട്ടാം ക്ലാസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടില്ല.

(എഫ്) ബാധകമല്ല.

(ജി) പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly